# ഇസ്‌ലാം

## സത്യമാർഗ്ഗം
## സമ്പൂർണ സമർപ്പണത്തിന്റെ മാർഗ്ഗം
## സമാധാനത്തിന്റെ മാർഗ്ഗം

ഇസ്‌ലാമിന്ന് ഇസ്‌ലാം എന്ന നാമകരണം ഇസ്‌ലാമിന്റെ സ്ഥാപകനായ അല്ലാഹുവിന്റേതാണ്. പ്രസ്തുത നാമകരണം അന്വർത്ഥമാക്കുന്നതെന്തോ അതു തന്നെയാണ് ഇസ്‌ലാമിലൂടെ ലക്ഷ്യമാക്കേണ്ടതും. സർവ്വലോകങ്ങളുടേയും സൃഷ്ടാവും സംരക്ഷകനും സൃഷ്ടി സ്ഥിതി നിയന്താവുമായ രക്ഷിതാവിന്ന് ജീവിതം സമർപ്പിക്കുക; സമ്പൂർണ സമർപ്പണം. സർവ്വശക്തന്റെ സന്ദേശങ്ങൾ മനസ്സാ വാചാ കർമണാ സ്വീകരിച്ചു ഇഹപര സമാധാനങ്ങൾ നേടിയെടുക്കുക. ഇതാണ് ഇസ്‌ലാം. ''തീർച്ചയായും അല്ലാഹുവിങ്കൽ മതം എന്നാൽ ഇസ്‌ലാം ആകുന്നു. വേദഗ്രന്ഥം നൽകപ്പെട്ടവർ തങ്ങൾക്ക് (മതപരമായ) അറിവ് വന്നുകിട്ടിയ ശേഷം തന്നെയാണ് ഭിന്നിച്ചത്...'' (വി.ഖു. 3:19 )

മനുഷ്യന്ന് ദേഹവും ദേഹിയും ജീവനും ജീവിതവും നൽകിയത് അല്ലാഹു മാത്രമാണ്. അവനാണ് ഉടമസ്ഥനും സംരക്ഷകനും യജമാനനും. സൃഷ്ടിപ്പ് അവന്റേതുമാത്രം. അതിനാൽ ശാസനാധികാരവും അവന്നു മാത്രം. ''....സൃഷ്ടിപ്പും ശാസനാധികാരവും അവന്നു തന്നെയാണ്...'' (വി.ഖു. 7:54) സൃഷ്ടാവിനെ മാത്രമേ ആരാധിക്കാവൂ എന്ന കൽപനയാണ് കൽപ്പിക്കാൻ അധികാരമുള്ള അല്ലാഹുവിന്നുള്ളത് ''ജനങ്ങളേ, നിങ്ങളേയും നിങ്ങളുടെ മുൻഗാമികളേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവീൻ ....'' (വി.ഖു. 2:21) അതിനാൽ അവനെ മാത്രമേ ആരാധിക്കാവൂ. സഹായാർത്ഥനയും പ്രാർത്ഥനയും അവനോടേ പാടുള്ളൂ. മൗലികമായ ഈ തത്വം പ്രഥമവും പ്രധാനവുമായി ഊന്നി പറഞ്ഞ് പ്രബോധനം നടത്താനാണ് മനുഷ്യരിൽ നിന്ന് തന്നെ തെരെഞ്ഞെടുക്കപ്പെട്ട ലക്ഷത്തിൽ പരം നബിമാരും ദൂതന്മാരും കടന്ന് വന്നത്. ജനങ്ങൾ വിശ്വാസപരമായി ദുശിക്കുകയും സൃഷ്ടാവിനോടൊപ്പം സൃഷ്ടികളെ ആരാധിക്കുകയും ചെയ്തപ്പോൾ എല്ലാ പ്രവാചകന്മാരും ജനതതികളെ തങ്ങളെപ്പടച്ച റബ്ബിലേക്ക് തിരിച്ച് വിളിച്ചു ''..... ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനേയും നാം അയച്ചിട്ടില്ല'' (വി.ഖു. 21:25)

ദൈവിക വെളിപാടുകളുടെ അന്തിമവും സമ്പൂർണവും ആയ വചനങ്ങൾ അല്ലാഹു മുഹമ്മദ് നബിﷺയിലൂടെ ലോകത്തിന് കൈ മാറി. പ്രസ്തുത വെളിപാടുകളാണ് ഖുർആനും സുന്നത്തും വിശുദ്ധ ഖുർആനിന്റെ വിവരണമായി മുഹമ്മദ് നബി ﷺ ജീവിച്ചു. ജീവിതത്തിലൂടെ അദ്ദേഹം വിശുദ്ധ ഖുർആനിനെ വ്യാഖ്യാനിച്ചു. കുടിൽ തൊട്ട് കൊട്ടാരം വരെ ലോകത്തിന് അദ്ദേഹം മാതൃകയായി. പാപക്കറയുടെ ഘനാന്ധകാരത്തിൽ നിന്ന് പുണ്യത്തിന്റെ വെളിച്ചത്തിലേക്ക് അദ്ദേഹം ജനതയെ ആനയിച്ചു ''... മനുഷ്യരെ അവരുടെ രക്ഷിതാവിന്റെ അനുമതി പ്രകാരം അന്ധകാരങ്ങളിൽ നിന്ന് വെളിച്ചത്തിലേക്ക് താങ്കൾ കൊണ്ടുവരാൻ വേണ്ടി താങ്കൾക്ക് അവതരിപ്പിച്ചു തന്ന ഗ്രന്ഥമാണ് ഇത്..'' (വി.ഖു. 14:1) സത്യവും അസത്യവും ധർമവും അധർമ്മവും നീതിയും അനീതിയും വേർതിരിക്കപ്പെട്ടു. 23 വർഷക്കാലത്തെ അക്ഷീണ അവിശ്രമ പരിശ്രമത്തിലൂടെ അദ്ദേഹം ദീൻ എത്തിച്ചുതന്നു.

''....ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടുതന്നിരിക്കുന്നു ...'' (വി.ഖു. 5:3)

ഇനി ഒന്നും ചേർക്കാനില്ല ഉള്ളതിൽ വല്ലതും പുറത്ത് കളയാനുമില്ല ''...സൻമാർഗ്ഗം ദുർമാർഗ്ഗത്തിൽ നിന്ന് വ്യക്തമായി വേർതിരിഞ്ഞു കഴിഞ്ഞിരിക്കുന്നു....''(വി.ഖു. 2:256) ഇനി ബുദ്ധിയും വകതിരിവും ഉള്ളവർക്ക് കരണീയവും കാര്യ ഗൗരവമേറിയതും ഈ മാർഗ്ഗം (ഏകദൈവ വിശ്വാസം) പുൽകുക എന്നതാണ്, അഥവാ സത്യമതത്തിന്റെ സത്യസാക്ഷ്യം (അശ്ഹദു അൻല്ലാ ഇലാഹ ഇല്ലല്ലാഹ് വ അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്) മനസ്സാ വാചാ കർമണാ സ്വീകരിച്ച് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വഴി നടക്കുക എന്നതാണ്.

സൃഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ബന്ധം നന്നായാൽ (വിശ്വാസം നന്നായാൽ) പിന്നീട് കർമ്മപഥങ്ങൾ പ്രസ്തുത വിശ്വാസത്തെ ശരിപ്പെടുത്തേണ്ടതുണ്ട്. പ്രാർത്ഥനകൾ, സഹായാർത്ഥനകൾ, നേർച്ചകൾ ബലികൾ തുടങ്ങിയ മുഴുവൻ ആരാധനകളും അല്ലാഹുവിന് മാത്രം. ഭരണാധികാരിയും ഭരണീയനും ജീവിതത്തിന്റെ മുഴുവൻ മേഘലകളിലും അവന്റെ വിധി വിലക്കുകൾ പാലിക്കണം. നമസ്കരിക്കണം, നോമ്പെടുക്കണം, സകാത്ത് കൊടുക്കണം, സാധ്യമെങ്കിൽ ഹജ്ജ് ചെയ്യണം, മാതാപിതാക്കളെ ആദരിക്കണം, പരിപാലിക്കണം, അടുത്ത അകന്ന ബന്ധുക്കളോട് ബന്ധം ചേർക്കണം, അയൽക്കാരെ ദ്രോഹിക്കരുത്, അനാഥകളെ സംരക്ഷിക്കണം, വലിയവരെ ബഹുമാനിക്കണം, ചെറിയവരെ സ്നേഹിക്കണം, രക്തബന്ധങ്ങളും, വൈവാഹിക ബന്ധങ്ങളും മുലകുടി ബന്ധങ്ങളും മാനിക്കപ്പെടണം. രക്ഷിതാവ് അരുതെന്ന് അരുളിയതിൽ നിന്നും വിട്ടുനിൽക്കണം, ശിർക്ക് പൊറുക്കപ്പെടാത്ത മഹാപാപം. അത് ചെയ്യരുത്. അല്ലാഹു അല്ലാത്തവരോടുള്ള പ്രാർത്ഥന, സഹായാർത്ഥന, നേർച്ച, ശപഥം, ബലി, പൂജ തുടങ്ങിയതെല്ലാം പച്ചയായ ശിർക്കിന്റെ ഭീകര രൂപങ്ങളാകുന്നു. മാരണം, പ്രശ്നം വെക്കൽ, ജോത്സ്യം, ജ്യോതിഷം, ശകുനം നോക്കൽ, ലോകമാന്യത, കപടനാട്യം തുടങ്ങിയ വൻപാപങ്ങളെല്ലാം ശിർക്കിന്റെ ഗൗരവമേറിയ ഇനങ്ങൾ തന്നെയാണ്. പ്രതിഷ്ഠ വെക്കലും, രൂപം നാട്ടലും, ജാറം കെട്ടലും, ശിർക്കിലേക്ക് കൂട്ടു പിടിക്കുന്ന ഹേതുകങ്ങളാണ്. വ്യഭിജാരം, സ്വവർഗ്ഗരതി, കൂട്ടിക്കെടുപ്പ്, പലിശ, ചൂതാട്ടം, ലോട്ടറി, മോഷണം, കൈക്കൂലി, കള്ളസാക്ഷ്യം, കള്ളസത്യം, കള്ളുകുടി, സംഗീതാസ്വാദനം, പരദൂഷണം പറയൽ. ഏഷണി പറയൽ, കട്ടുകേൾക്കൽ, ചിത്രരചന, രൂപനിർമ്മാണം തുടങ്ങിയ വിശ്വാസത്തെ വിദൂരതയിൽ നിർത്തുന്ന വൻപാപങ്ങളൊന്നുമേ നമുക്കായ്ക്കൂടാ.

സുഹൃത്തേ, ആത്മീയമായും ഭൗതികമായും ലോകത്തിന്റെ ഇന്നത്തെ ദുസ്ഥിതിക്ക് ഞാനും നിങ്ങളുമെല്ലാം സാക്ഷികളാണല്ലോ! വിശ്വാസപരമായും കർമ്മപരമായും ലോകത്തിന് മാതൃകയാകേണ്ട മുസ്ലിം സമുദായം പോലും എത്തി നിൽക്കുന്ന അന്ധവിശ്വാസങ്ങൾ, അന്യാചാരങ്ങൾ, അനാചാരങ്ങൾ, നിഷിദ്ധങ്ങൾ എന്നിവ ഏതൊരു മനസ്സാക്ഷിയേയും നെട്ടിപ്പിക്കും വിധമല്ലേ? ഭീകരതയുടേയും തീവ്രതയുടേയും പണിയാളുകളായി യൗവ്വനം തള്ളി നീക്കുന്ന മുസ്ലിം യുവതയെ ഇരുട്ടിന്റെ ശക്തികൾ ദുരുപയോകം ചെയ്യുന്നത് ഗൗനിച്ചിട്ടില്ലേ? അറിഞ്ഞോ അറിയാതെയോ മത ജാതി വ്യത്യാസമെന്ന്യേ എല്ലാവരേയും അടിച്ചു കൂട്ടി സമന്വയവും സമഗ്രതയും തീർക്കുന്ന ഉത്തരവാദിത്വം നഷ്ടപ്പെട്ട മതനേതാക്കളെ മാതൃകാ പുരുഷന്മാരായി വാഴ്ത്തപ്പെടുന്നത് നാം കാണുന്നില്ലേ? എണ്ണപ്പെരുപ്പം ഭയക്കുന്ന മിക്ക സാഹിത്യങ്ങളും പത്രമാസികകളും ദൃശ്യശ്രവ്യ മാധ്യമങ്ങളും കൃത്യ നിർവഹണത്തിന്ന് പര്യാപ്തമല്ലെന്ന് അറിയുന്നില്ലേ?

സത്യത്തിന്റെ വാക്താക്കൾ കൂടുതൽ സംഘടിക്കുകയും ഉണർന്ന് പ്രവർത്തിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയെ കുറിച്ചാണ് നാം തല പുകഞ്ഞ് ആലോചിക്കേണ്ടത്. ജനങ്ങൾ ദുശിക്കുകയും ദുശിപ്പിക്കുകയും ചെയ്യുമ്പോൾ നന്നാക്കുന്നവരാകണമെന്നാണല്ലോ മേലായ റബ്ബ് നമ്മോട് കൽപിച്ചത്.

''നന്മയിലേക്ക് ക്ഷണിക്കുകയും, സദാചാരം കൽപ്പിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽനിന്ന് ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ.'' (വി.ഖു: 3 : 104)

ഈ വിളി കേട്ട് താങ്കൾ ഞങ്ങളോടപ്പം വരുമോ..? അന്യേന്യം ഗുണകാംക്ഷയോടെ ഉപദേശിച്ച് നമുക്ക് നന്നാവാം. നമുക്കൊന്നിച്ച് നാഥന്റെ മാർഗ്ഗത്തിലേക്ക് യുക്തിദീക്ഷയോടു കൂടിയും സദുപദേശം മുഖേനയും ആളെ ക്ഷണിക്കാം...

സംഘടന നന്മയാണ്; സത്യ പ്രബോധനത്തിന്റെ കൂട്ടായ്മക്ക്. സംഘടന തിന്മയെന്ന് അന്ധമായി വിധി പറയുന്നവരുണ്ട്, സംഘടന കൊണ്ട് ജീവിക്കുന്ന ഭൗതികന്മാരുണ്ട്, സംഘടനക്ക് മാത്രം ജീവിക്കുന്ന മതാന്ധന്മാരുമുണ്ട്, സത്യമത സത്യസാക്ഷ്യം ഉയർത്തിപ്പിടിച്ച് സച്ചരിതരുടെ വഴിയെ ചലിച്ച് സംഘടിച്ച് പ്രവർത്തിക്കുന്നവരുമുണ്ട്. ആദ്യത്തെ മൂന്ന് വിഭാഗത്തോടും നമ്മൾ സമരത്തിലാണ്. നലാമത്തേത് സത്യത്തിന്റെ കക്ഷിയാണ്. അവരാണ് ലക്ഷണമൊത്തവർ. സത്യസാക്ഷ്യ വചനം അവർ ഉയർത്തിപ്പിടിക്കുന്നു. ജനങ്ങൾ അപകടപ്പെടുത്തിയതിനെ അവർ നന്നാക്കുന്നു. അവർ ചില കാലങ്ങളിലും ദേശങ്ങളിലും അപരിചിതർ ആയിരിക്കും. അവർ ഖുർആനും സുന്നത്തും പ്രമാണമാക്കുന്നു. പ്രവാചകനും സഹാബത്തും ചലിച്ച വഴിയെ ചലിക്കുന്നു. തങ്ങൾ നിന്ദിക്കപ്പെട്ടേക്കാം അവരത് പ്രശ്നമാക്കില്ല. അന്ത്യനാൾ സംഭവിക്കുന്നത് വരെ അവർ സംഘമായോ, സംഘടനയായോ, രാഷ്ട്രമായോ വ്യക്തിയായോ നിലനിൽക്കും. തങ്ങളുടെ ആദർശമാണ് അവർ നന്മയുടെ വക്താക്കളാണെന്നതിന് കുറ്റമറ്റ മേൽവിലാസം. ദൈവിക പ്രീതി മാത്രം അവർ ലാക്കാക്കും. അവർ മിഷനാണ് കമ്മീഷന്റെ പാർട്ടിയല്ല.

ലോകത്ത് സലഫികൾ സംഘടിച്ചത് മുകൾപെറ്റ ലക്ഷണങ്ങൾ പേറിയാണ്. കേരളത്തിൽ ജനത ആത്മീയമായും ഭൗതികമായും ജീർണിച്ച നാളിൽ സലഫികൾ മുജാഹിദ് പ്രസ്ഥാനത്തിലൂടെ സംഘടിച്ചു, ഉണർന്ന് പ്രവർത്തിച്ചു. സംഘടന വികസിച്ചു, പ്രവാസികളിൽ ഇസ്‌ലാഹീ സെന്ററുകളായി അത് അറിയപ്പെട്ടു.

ദൈവനിരാസത്തിൽ നിന്നും അല്ലാഹുവെന്ന സത്യത്തിലേക്ക്, ബഹുദൈവവിശ്വാസത്തിൽ നിന്നും ഏകദൈവ വിശ്വാസത്തിലേക്ക്, വഴികേടിൽ നിന്ന് സൽപാന്താവിലേക്ക് പുത്തനാശയങ്ങളിൽ നിന്നും മുഹമ്മദ് നബി(സ)യുടെ ചര്യയിലേക്ക്, അനാചാരങ്ങളിൽ നിന്നും സച്ചരിതരുടെ സത്സരണിയിലേക്ക്, തീവ്രതയിൽനിന്നും ആദർശ നിഷ്ഠമായ മിതത്വത്തിലേക്ക് ഇസ്ലാം നിങ്ങളെ ക്ഷണിക്കുന്നു.

**അബ്ദുൽ ജബ്ബാർ അബ്ദുല്ല**